**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 308** **28-06-2024 - ൽ മറുപടിയ്ക്ക്**

**ലഹരിവിരുദ്ധ സംരക്ഷണ ശൃംഖല**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ,<br>ശ്രീ. എം. എം. മണി,<br>ശ്രീ. ഐ. ബി. സതീഷ്,<br>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ഉപയോഗം നിയന്ത്രിക്കുന്നതിനായി സർക്കാർ നടത്തിവരുന്ന ശക്തമായ നിയമ നടപടികളുടെയും ബോധവൽക്കരണ പ്രവർത്തനങ്ങളുടെയും വിശദാംശം ലഭ്യമാക്കാമോ; | (എ) | മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ഉപയോഗം നിയന്ത്രിക്കുന്നതിനായി എക്സൈസ് വകുപ്പ് ശക്തമായ നിയമ നടപടികളും വിപുലമായ ബോധവൽക്കരണ പ്രവർത്തനങ്ങളും നടത്തിവരുന്നു. നിയമനടപടികളുടെ ഭാഗമായി മയക്കുമരുന്നുമായി ബന്ധപ്പെട്ട കുറ്റവാളികളുടെ പട്ടിക തയ്യാറാക്കി അവരെ പ്രത്യേകം നിരീക്ഷിച്ച് അവർക്കെതിരെ ശക്തമായ നടപടികൾ സ്വീകരിച്ച് അവരെ നിയമത്തിന്റെ കീഴിൽ കൊണ്ടുവരുന്നു. മയക്കുമരുന്ന് കേസ്സുകളിൽ ഉൾപ്പെടുന്ന ആളുകൾ വീണ്ടും കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്ന സംഭവങ്ങൾ ആവർത്തി ക്കാതിരിക്കാൻ PIT NDPS Act 1985 പ്രകാരം കരുതൽ തടങ്കലിൽ പാർപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.<br><br>സംസ്ഥാനത്താകെ മയക്കുമരുന്ന് കേസുകളിൽ ഉൾപ്പെട്ട പ്രതികളുടെ ഹിസ്റ്ററി ഷീറ്റുകൾ തയ്യാറാക്കി അവരുടെ പ്രവർത്തനം നിരീക്ഷിച്ചുവരുന്നു. എൻ.ഡി.പി.എസ്. കേസുകളിൽ 10 വർഷത്തിൽ കൂടുതൽ ശിക്ഷ നൽകാവുന്ന കുറ്റകൃത്യങ്ങളിൽ ഉൾപ്പെടുന്ന കുറ്റവാളികളുടെ സ്വത്തുക്കൾ കണ്ടുകെട്ടുവാൻ നിയമ നടപടികൾ സ്വീകരിച്ചു വരുന്നു. ഒരു വ്യക്തിയെ എൻ.ഡി.പി.എസ് ആക്ട് പ്രകാരമുള്ള കുറ്റത്തിന് ശിക്ഷിക്കുകയോ ജാമ്യത്തിൽ അയയ്ക്കുകയോ ആണെങ്കിൽ ടി വ്യക്തി മേൽ കുറ്റം ആവർത്തിക്കുകയില്ലെന്ന് മൂന്ന് വർഷത്തിലധികം വരാത്ത കാലയളവിലേയ്ക്ക് ബോണ്ട് വയ്പ്പിക്കുകയും വീണ്ടും മയക്കുമരുന്നുമായി ബന്ധപ്പെട്ട കുറ്റകൃത്യം ആവർത്തിച്ചാൽ ജാമ്യത്തിലിറങ്ങി കുറ്റകൃത്യങ്ങൾ ചെയ്യുന്നതിൽ നിന്നും തടയുന്നതിനും അധിക ശിക്ഷ നൽകുന്നതിനുമുള്ള നടപടികളും സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| | | | സംസ്ഥാനത്ത് ലഹരി വിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾക്കായി രൂപീകരിച്ച വിമുക്തി മിഷൻ മുഖേന സമൂഹത്തിലെ എല്ലാവിഭാഗം ജനങ്ങളുടെയും പങ്കാളിത്തത്തോടെ ലഹരിക്കെതിരായ പ്രവർത്തനങ്ങൾ നടത്തിവരുന്നു. സ്കൂളുകളിൽ ലഹരിവിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് ലഹരിക്കെതിരെ വിവിധ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. ലഹരി ഉപയോഗവുമായി ബന്ധപ്പെട്ട കുട്ടികളുടെ വിവരം അധ്യാപകരുടെ സഹായത്തോടെ കണ്ടെത്തുന്നതിനായി 'നേർവഴി' എന്ന പദ്ധതി നടപ്പിലാക്കുന്നു. ഈ പദ്ധതിയുടെ ഭാഗമായി വിദ്യാർത്ഥികളിലെ ലഹരി ഉപയോഗം സംബന്ധിച്ച വിവരങ്ങൾ അറിയിക്കുന്നതിനായി എക്സൈസ് കമ്മീഷണറേറ്റിൽ 9656178000 എന്ന നമ്പർ സജ്ജീകരിച്ചിട്ടുണ്ട്. വിദ്യാലയങ്ങൾ ലഹരി മുക്തമാക്കുന്നതിന് "ഉണർവ്വ്" എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്.<br><br>കോളേജ് തലത്തിൽ വിദ്യാർത്ഥികൾക്കിടയിലെ ലഹരി ഉപയോഗം ഇല്ലാതാക്കുന്നതിന് കോളേജ് ക്യാമ്പസ്സുകളിൽ 'നേർക്കൂട്ടം' എന്ന പേരിലും കോളേജ് ഹോസ്റ്റലുകളിൽ 'ശ്രദ്ധ' എന്ന പേരിലും കമ്മിറ്റികൾക്ക് രൂപം നൽകിയിട്ടുണ്ട്.<br><br>യുവജനങ്ങളെ ലഹരി ഉപയോഗത്തിൽനിന്നും അകറ്റി നിർത്തുക എന്ന ലക്ഷ്യത്തോടെ സംസ്ഥാനമൊട്ടാകെ വിവിധ കായികമത്സരങ്ങൾ സംഘടിപ്പിച്ച വരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിലും, അവയുടെ വാർഡ്തലങ്ങളിലും ലഹരിക്കെതിരായ പ്രവർത്തനങ്ങൾ നടത്തുന്നതിന് ജനജാഗ്രത സമിതികൾ രൂപീകരിച്ചിട്ടുണ്ട്. ആദിവാസി–തീരദേശ മേഖലകളിൽ ലഹരിവർജ്ജന പ്രവർത്തനങ്ങൾക്ക് പ്രത്യേക ശ്രദ്ധ നൽകുന്നു. |
| (ബി) | നോ ടു ഡ്രഗ്സ് എന്ന പേരിൽ സംഘടിപ്പിച്ച ബോധവൽക്കരണ പ്രചരണ പരിപാടി വലിയതോതിൽ ഗുണം ചെയ്തതായി വിലയിരുത്തിയിട്ടുണ്ടോ; പ്രസ്തുത പരിപാടിയിൽ എന്തെല്ലാം പ്രചാരണ രീതികൾ അവലംബിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് അറിയിക്കാമോ; | (ബി) | 'നോ ടു ഡ്രഗ്സ്' ക്യാമ്പയിനിന്റെ ഫലപ്രാപ്തിയെ കുറിച്ച് വിലയിരുത്തുന്നതിന് ഒരു പഠനം നടത്തുന്നതിന് രാജഗിരി കോളജ് ഓഫ് സോഷ്യൽ സയൻസിനെ ചുമതലപ്പെടുത്തുകയും പ്രസ്തുത സ്ഥാപനം സമർപ്പിച്ച കരട് പഠന റിപ്പോർട്ട് എക്സൈസ്/വിമുക്തി മിഷൻ പരിശോധിച്ച് വരികയുമാണ്.<br><br>ലഹരി വ്യാപനത്തിനെതിരെ പ്രതിരോധം തീർക്കുന്നതിന് എല്ലാ വിഭാഗം ജനങ്ങളെയും അണിനിരത്തി 'നോ ടു ഡ്രഗ്സ്' എന്ന പേരിൽ 2022 ഒക്ടോബർ 2 മുതൽ 2024 ജനുവരി 30 വരെ മൂന്ന് ഘട്ടങ്ങളിലായി വിവിധ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചിരുന്നു. പ്രസ്തുത |

പരിപാടിയിൽ ലഹരി വിരുദ്ധ സന്ദേശങ്ങൾ ഉൾപ്പെടുത്തിയ ഘോഷയാത്രകൾ, ബോധവൽക്കരണ റാലികൾ, ലഹരി വിരുദ്ധ നാടകം, ഓട്ടൻതുള്ളൽ, മനുഷ്യശൃംഖല, ഫ്ലാഷ് മോബ്, തെരുവുനാടകം, കൂട്ടയോട്ടം, വാഹന പ്രചാരണ ജാഥകൾ, ലഹരി വിരുദ്ധസന്ദേശങ്ങൾ ഉയർത്തിക്കൊണ്ട് ബൈക്ക് റാലികൾ, കാൽനട ജാഥകൾ, ഗോത്രവർഗ ഊരുകളിൽ "ലഹരിക്കെതിരെ ഫുട്ബോൾ ലഹരി" എന്ന ആശയവുമായി ഫുട്ബോൾ മത്സരങ്ങൾ, ലഹരി വിരുദ്ധസന്ദേശങ്ങൾ അടങ്ങിയ ഹ്രസ്വചിത്ര പ്രദർശനം എന്നിവയും ചിത്രരചന മത്സരം, ക്വിസ് മത്സരം, സൗഹൃദ ഫുഡ്ബോൾ മത്സരം, സംവാദ മത്സരം എന്നിങ്ങനെ വിവിധ മത്സരങ്ങളും സംസ്ഥാന വ്യാപകമായി നടത്തപ്പെടുകയുണ്ടായി. ഭാരത് സ്കൗട്ട്സ് & ഗൈഡ്സുമായി ചേർന്ന് കാസർഗോഡ് മുതൽ തിരുവനന്തപുരം വരെ സൈക്കിൾ റാലി, ഭവന സന്ദർശനം എന്നിവ നടത്തി.

എം.പി/എം.എൽ.എ എന്നിവരുടെ നേതൃത്വത്തിൽ ലഹരിക്കെതിരെ ദീപം തെളിയിച്ചു. സംസ്ഥാനത്തൊട്ടാകെ വിദ്യാലയങ്ങൾക്ക് ചുറ്റിലും പ്രധാന സ്ഥലങ്ങൾ കേന്ദ്രീകരിച്ചും വിദ്യാർത്ഥികൾ, അധ്യാപകർ, ജനപ്രതിനിധികൾ, പൊതുജനങ്ങൾ, ഉദ്യോഗസ്ഥർ എന്നിവർ ചേർന്ന് ലഹരിവിരുദ്ധ സംരക്ഷണ മനുഷ്യശൃംഖല തീർത്തു. ലഹരിവിരുദ്ധ സംരക്ഷണ മനുഷ്യ ശൃംഖലയിൽ പങ്കെടുത്തവർ ലഹരിക്കെതിരെ പ്രവർത്തിക്കുമെന്ന് പ്രതിജ്ഞ എടുക്കുകയും, പ്രതീകാത്മകമായി ലഹരിവസ്തുക്കൾ കത്തിക്കുകയും ചെയ്തു.

മയക്ക് മരുന്നിനെതിരെയുള്ള സന്ദേശം ജനങ്ങളിലേക്ക് എത്തിക്കുന്നതിന്റെ രണ്ടാം ഘട്ട ക്യാമ്പയിനിന്റെ ഭാഗമായി 'ഗോൾ ചലഞ്ച്'എന്ന പരിപാടി സംഘടിപ്പിച്ചു. മയക്കുമരുന്നിന്റെ ഉപയോഗം, വിൽപ്പന, പ്രദർശനം എന്നിവ ഇല്ലായെന്ന് വാർഡ് തല ജനജാഗ്രത സമിതികൾ ഉറപ്പ് വരുത്തിയ പ്രദേശങ്ങളിൽ 'ഇവിടം ലഹരിമുക്ത ഇടം' എന്ന് രേഖപ്പെടുത്തിയ ബോർഡുകൾ സ്ഥാപിച്ചിട്ടുള്ളതാണ്.

മൂന്നാംഘട്ട പരിപാടിയിൽ 2023 ഒക്ടോബർ 2 ന് കുട്ടികളുടെ താമസസ്ഥലത്ത് ജനങ്ങളെ കൂടി പങ്കെടുപ്പിച്ചുകൊണ്ടുള്ള സംവാദ സദസ്സ്, നവംബർ 01 ന് ലഹരിവിരുദ്ധ നവകേരള സന്ദേശം കുട്ടികളിലൂടെ വീടുകളിൽ, നവംബർ 14 ന് പ്രത്യേക ശിശുദിന

| | | | |
|---|---|---|---|
| | | | അസംബ്ലി, ഡിസംബർ 10 ന് മനുഷ്യാവകാശ ദിനത്തിൽ ലഹരിവിരുദ്ധ സെമിനാർ എന്നിവ സംഘടിപ്പിച്ചു. 2024 ജനുവരി 30 ന് ക്ലാസ് സഭകൾ ചേർന്ന് ഈ വർഷത്തെ പ്രവർത്തനങ്ങളുടെ അവലോകനവും വിദ്യാർത്ഥികൾ അവതാരകരായി കുടുംബ യോഗങ്ങളും നടത്തി.<br><br>ഇത്തരത്തിൽ ലഹരിക്കെതിരെ നടത്തിയ പ്രചരണ പരിപാടികൾ സമൂഹത്തിൽ ലഹരിക്കെതിരെ വലിയ പ്രതികരണം ഉണ്ടാക്കിയിട്ടുണ്ട്. ഇതു വഴി ലഹരി വിൽപ്പന, ഉപയോഗം എന്നിവ സംബന്ധിച്ച വിവരങ്ങൾ പൊതുജനങ്ങൾ ഭയം കൂടാതെ പോലീസ്, എക്സൈസ് ഉദ്യോഗസ്ഥർക്ക് കൈമാറുന്നുണ്ട്. പൊതുജനങ്ങൾക്കിടയിൽ ലഹരിക്കെതിരെ ജാഗ്രത സൃഷ്ടിക്കുന്നതിന് ഇത് വഴിയൊരുക്കിയിട്ടുണ്ട്. |
| (സി) | പൊതുസ്ഥലങ്ങളിലും വിദ്യാലയ പരിസരങ്ങളിലും ലഹരിവിരുദ്ധ സംരക്ഷണ ശൃംഖല തീർക്കുന്ന പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; പ്രസ്തുത ശൃംഖലയിൽ ആരെയെല്ലാം ഉൾപ്പെടുത്തിയിട്ടുണ്ട്; വിശദമാക്കുമോ; | (സി) | 'നോ ടു ഡ്രഗ്സ്' ക്യാമ്പയിനിന്റെ ഭാഗമായി 2022 നവംബർ 1 ന് സംസ്ഥാനത്തൊട്ടാകെ വിദ്യാലയങ്ങൾക്ക് ചുറ്റിലും പ്രധാന സ്ഥലങ്ങൾ കേന്ദ്രീകരിച്ചും വിദ്യാർത്ഥികൾ, അധ്യാപകർ, ജനപ്രതിനിധികൾ, പൊതുജനങ്ങൾ, ഉദ്യോഗസ്ഥർ എന്നിവർ ചേർന്ന് ലഹരിവിരുദ്ധ സംരക്ഷണ മനുഷ്യശൃംഖല തീർത്തിരുന്നു. മനുഷ്യ ശൃംഖലയിൽ പങ്കെടുത്തവർ ലഹരിക്കെതിരെ പ്രവർത്തിക്കുമെന്ന് പ്രതിജ്ഞ എടുക്കുകയും, പ്രതീകാത്മകമായി ലഹരിവസ്തുക്കൾ കത്തിക്കുകയും ചെയ്തു. ഇതിലൂടെ സമൂഹത്തിൽ ലഹരിക്കെതിരായ അവബോധം സൃഷ്ടിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. |
| (ഡി) | പ്രസ്തുത ലഹരിവിരുദ്ധ സംരക്ഷണ ശൃംഖല ശക്തിപ്പെടുത്തുന്നതിനും വ്യപകമാക്കുന്നതിനും നടപടി സ്വീകരിക്കുമോ? | (ഡി) | 'നോ ടു ഡ്രഗ്സ്' ഒന്നാംഘട്ട പ്രചരണ ക്യാമ്പയിനിന്റെ ഭാഗമായാണ് വിദ്യാലയങ്ങൾക്ക് ചുറ്റിലും പ്രധാന സ്ഥലങ്ങൾ കേന്ദ്രീകരിച്ചും ലഹരി വിരുദ്ധ സംരക്ഷണ ശൃംഖല തീർത്തത്. ഇത്തരം പ്രവർത്തനങ്ങൾ തുടർന്നും നടത്തുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ